# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ:0481-2733512


## വാർത്താക്കുറിപ്പ്

**2023 സെപ്റ്റംബർ 16**

---

**എം.ജി. സർവകലാശാല**

**<u>സ്കൂൾ ഓഫ് എനർജി മെറ്റീരിയൽസിലെ രണ്ടു വിദ്യാർഥികൾക്ക് വിദേശ ഫെലോഷിപ്പ്</u>**

മഹാത്മാ ഗാന്ധി സർവകലാശാലയുടെ സ്കൂൾ ഓഫ് എനർജി മെറ്റീരിയൽസിലെ രണ്ട് എം.ടെക് വിദ്യാർഥികൾക്ക് വിദേശ സർവകലാശാലകളിലെ ഫെലോഷിപ്പ്. സത്യജിത്ത് ഷാജി ഓസ്ട്രേലിയയിലെ കർട്ടിൻ യൂണിവേഴ്സിറ്റിക്ക് കീഴിലുള്ള വെസ്റ്റേൺ ഓസ്ട്രേലിയൻ സ്കൂൾ ഓഫ് മൈൻസിലും അലി അബൂബക്കർ അമേരിക്കയിലെ ബെർക്ക്ലി നാഷണൽ ലാബോറട്ടറിയിലുമാണ് അവസാന വർഷ ഇൻറേൺഷിപ്പിൻറെ ഭാഗമായി പഠനം നടത്തുക.

ഒരു വർഷത്തേക്ക് വിസിറ്റിംഗ് റിസർച്ച് അസിസ്റ്റൻറായി തിരഞ്ഞെടുക്കപ്പെട്ട സത്യജിത് ഷാജിക്ക് പ്രതിമാസം 1500 ഓസ്ട്രേലിയൻ ഡോളർ സ്കോളർഷിപ്പ് ലഭിക്കും. പ്രതിമാസം 2500 യുഎസ് ഡോളറാണ് സ്കോളർഷിപ്പായി അലി അബൂബക്കറിന് ലഭിക്കുക.

2020ൽ പ്രവർത്തനമാരംഭിച്ച സ്കൂൾ ഓഫ് എനർജി മെറ്റീരിയൽസിൻറെ ഡയറക്ടർ മുൻ വൈസ് ചാൻസലർ പ്രഫ. സാബു തോമസാണ്. ബാറ്ററികൾ, സോളാർ സെല്ലുകൾ, ഇന്ധന സെല്ലുകൾ തുടങ്ങിയവയുടെ കാര്യക്ഷമത വർധിപ്പിക്കുന്നതിന് ഉപകരിക്കുന്ന പഠന, ഗവേഷണ പ്രവർത്തനങ്ങൾക്കാണ് ഇവിടെ മുൻഗണന നൽകുന്നത്. വിദഗ്ധരുടെ മേൽനോട്ടവും മികച്ച ഇൻസ്ട്രുമെൻറേഷൻ സംവിധാനങ്ങളുമുള്ള വകുപ്പിൽനിന്നും ഇതുവരെ 15 വിദ്യാർഥികൾ രാജ്യാന്തരതലത്തിൽ ഫെലോഷിപ്പുകൾ നേടിയിട്ടുണ്ടെന്ന് ജോയിൻറ് ഡയറക്ടർ അനിത സി. കുമാർ പറഞ്ഞു.

(പി.ആർ.ഒ/39/1117/2023)

## സെനറ്റ് യോഗം ഒക്ടോബർ 30ന്

മഹാത്മാ ഗാന്ധി സർവകലാശാല സെനറ്റ് യോഗം ഒക്ടോബർ 30ന് രാവിലെ 10ന് സർവകലാശാലാ സെനറ്റ് ഹാളിൽ നടക്കും.

(പി.ആർ.ഒ/39/1118/2023)

## പരീക്ഷകൾ മാറ്റി വച്ചു

സെപ്റ്റംബർ 19,25 തീയതികളിൽ നടത്താനിരുന്ന ഒന്നാം സെമസ്റ്റർ ബി.പി.ഇ.എസ്(നാലു വർഷ ഇൻറഗ്രേറ്റഡ് പ്രോഗ്രാം - 2022 അഡ്മിഷൻ റഗുലർ, 2016 മുതൽ 2021 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്) പരീക്ഷകൾ യഥാക്രമം സെപ്റ്റംബർ 28, 30 തീയതികളിലേക്ക് മാറ്റി വച്ചു. പരീക്ഷാ കേന്ദ്രത്തിന് മാറ്റമില്ല. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ

(പി.ആർ.ഒ/39/1119/2023)

## പരീക്ഷാ ടൈംടേബിൾ

അഞ്ചാം സെമസ്റ്റർ ബി.ടെക് - ഇലക്ട്രോണിക്സ് ആൻറ് ഇൻസ്ട്രുമെൻറേഷൻ എൻജിനീയറിംഗ്(പുതിയ സ്കീം - 2010 അഡ്മിഷൻ മുതൽ സപ്ലിമെൻററിയും മെഴ്സി ചാൻസും) പരീക്ഷയോടൊപ്പം ലീനിയർ ഇൻറഗ്രേറ്റഡ് സർക്യൂട്ട്സ് ആൻറ് ആപ്ലിക്കേഷൻസ് എന്ന വിഷയം കൂടി ഉൾപ്പെടുത്തി. പരീക്ഷ സെപ്റ്റംബർ 18ന് ആരംഭിക്കും. പരീക്ഷാ കേന്ദ്രത്തിന് മാറ്റമില്ല.

(പി.ആർ.ഒ/39/1120/2023)

## പരീക്ഷാ തീയതി

അഫിലിയേറ്റഡ് കോളജുകളിലെ ഒന്നാം സെമസ്റ്റർ എൽ.എൽ.എം(2022 അഡ്മിഷൻ റഗുലർ, 2019,2020,2021 അഡ്മിഷനുകൾ സപ്ലിമെൻററി, 2018 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2018ന് മുൻപുള്ള അഡ്മിഷനുകൾ രണ്ടാം മെഴ്സി ചാൻസ്) പരീക്ഷകൾ സെപ്റ്റംബർ 28ന് തുടങ്ങും. ടൈംടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/1121/2023)

## പ്രാക്ടിക്കൽ

രണ്ടാം സെമസ്റ്റർ ബി.വോക് ഇൻഡസ്ട്രിയൽ ഇൻസ്ട്രുമെൻറേഷൻ ആൻറ് ഓട്ടോമേഷൻ(പുതിയ സ്കീം - 2022 അഡ്മിഷൻ റഗുലർ, 2021 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2018 മുതൽ 2021 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ് - ഓഗസ്റ്റ് 2023) പരീക്ഷകളുടെ പ്രാക്ടിക്കൽ പരീക്ഷകൾ നാളെ(സെപ്റ്റംബർ 18) മുതൽ അതത് കോളജുകളിൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ

....................

രണ്ടാം സെമസ്റ്റർ ബി.എസ്.സി ക്ലിനിക്കൽ ന്യൂട്രീഷൻ ആൻറ് ഡയറ്ററ്റിക ്സ്(പുതിയ സ്കീം - 2022 അഡ്മിഷൻ റഗുലർ, 2021 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2017-2021 അഡ്മിഷനുകൾ റീഅപ്പിയറൻസ് - മെയ് 2023) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ സെപ്റ്റംബർ 25 മുതൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

....................

മെയ് മാസം വിജ്ഞാപനം പുറപ്പെടുവിച്ച നാലാം സെമസ്റ്റർ ബി.എ മൾട്ടിമീഡിയ(സി.ബി.സി.എസ് - 2021 അഡ്മിഷൻ റഗുലർ) പരീക്ഷയ്ക്ക് യുടെ പീരുമേട് അയ്യപ്പാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെൻറ് സ്റ്റഡീസ് പരീക്ഷാ കേന്ദ്രമായ വിദ്യാർഥികളുടെ പ്രാക്ടിക്കൽ പരീക്ഷകൾ സെപ്റ്റംബർ 19ന് തുടങ്ങും. ടൈംടേബിൾ വെബ്സൈറ്റിൽ.

....................

നാലാം സെമസ്റ്റർ എം.എസ്.സി ഫിഷറി ബയോളജി ആൻറ് അക്വാകൾച്ചർ(സി.എസ്.എസ് - 2021 അഡ്മിഷൻ റഗുലർ, 2019,2020 അഡ്മിഷനുകൾ സപ്ലിമെൻററി - അഫിലിയേറ്റഡ് കോളജുകളിലെ വിദ്യാർഥികൾക്ക് - ജുലൈ 2023) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ സെപ്റ്റംബർ 21ന് ആരംഭിക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

....................

രണ്ടാം സെമസ്റ്റർ ബി.വോക് അക്കൗണ്ടിംഗ് ആൻറ് ടാക്സേഷൻ, ബാങ്കിംഗ് ആൻറ് ഫിനാൻഷ്യൽ സർവീസസ്(2022 അഡ്മിഷൻ റഗുലർ, 2021 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2018-2021 അഡ്മിഷനുകൾ റീഅപ്പിയറൻസ് - പുതിയ സ്കീം, ജൂലൈ 2023) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ(ഇൻറേൺഷിപ്പ് 1) സെപ്റ്റംബർ 25ന് അതത് കോളജുകളിൽ നടക്കും. ടൈംടേബിൾ വെബ്സൈറ്റിൽ.

....................

ജൂലൈയിൽ വിജ്ഞാപനം പുറപ്പെടുവിച്ച രണ്ടാം സെമസ്റ്റർ എം.എസ്.സി കമ്പ്യൂട്ടർ സയൻസ്-ഡേറ്റാ അനലിറ്റിക്സ്(സി.എസ്.എസ് - 2022 അഡ്മിഷൻ റഗുലർ, 2021 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2019,2020,2021 അഡ്മിഷനുകൾ സപ്ലിമെൻററി) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ സെപ്റ്റംബർ 20,21

തീയതികളിൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.
......................

രണ്ടാം സെമസ്റ്റർ ബി.എസ്.സി മൈക്രോബയോളജി(കോർ,കോംപ്ലിമെൻററി) മോഡൽ 3(സി.ബി.സി.എസ് - 2022 അഡ്മിഷൻ റഗുലർ, 2021 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2017-2021 അഡ്മിഷനുകൾ റീഅപ്പിയറൻസ് - മെയ് 2023) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ സെപ്റ്റംബർ 20 മുതൽ അതത് കോളജുകളിൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.
........................

മെയ് മാസം വിജ്ഞാപനം പുറപ്പെടുവിച്ച നാലാം സെമസ്റ്റർ സി.ബി.സി.എസ്(2021 അഡ്മിഷൻ റഗുലർ) കോംപ്ലിമെൻററി, വൊക്കേഷണൽ കോഴ്സുകൾ(ബോർഡ് ഓഫ് സ്റ്റഡീസ് ഓഫ് കമ്പ്യൂട്ടർ സയൻസ് ഓഫർ ചെയ്തത്) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ നാളെ(സെപ്റ്റംബർ 18) ആരംഭിക്കും. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.
..........................

ജൂലൈയിൽ വിജ്ഞാപനം പുറപ്പെടുവിച്ച രണ്ടാം സെമസ്റ്റർ എം.എസ്.സി ആർട്ടിഫിഷ്യൽ ഇൻറലിജൻസ്(സി.എസ്.എസ് - 2022 അഡ്മിഷൻ റഗുലർ, 2021 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2020,2021 അഡ്മിഷനുകൾ സപ്ലിമെൻററി - അഫിലിയേറ്റഡ് കോളജുകളിലെ വിദ്യാർഥികൾക്ക്, ജൂലൈ 2023) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ സെപ്റ്റംബർ 25,28 തീയതികളിൽ അതത് കോളജുകളിൽ നടക്കും(www.mgu.ac.in).

(പി.ആർ.ഒ/39/1122/2023)

**പബ്ലിക് റിലേഷൻസ് ഓഫീസർ**